പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1334.

04.12.2014 ൽ മറുപടിക്ക്

**<u>പാചകവാതക വിതരണ തീയതി എസ്.എം.എസ് വഴി</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ എം.പി. വിൻസെന്റ്; | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതകം വിതരണ ദിവസം തന്നെ എസ്.എം.എസ് മുഖേന ഉപഭോക്താവിനെ അറിയിക്കുന്നത് കർശനമാക്കുമോ; | (എ) 'ഇല്ല' എന്നാണ് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിരിക്കുന്നത്. |
| (ബി) പാചകവാതക വിതരണ വിഷയത്തിൽ ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാൻ എന്തൊക്കെ നടപടി കൈക്കൊണ്ടിട്ടുണ്ട് ? | (ബി) പാചകവാതക സിലിണ്ടറുകളുടെ വിതരണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസിതലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, രണ്ടു മാസത്തിലൊരിക്കൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽകമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളകട്റുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ